"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽ ദാന പദ്ധതി - കൊച്ചി കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ - മരണപ്പെട്ട സി.വി.ഫ്രാൻസിസിന്റെ മകൻ ശ്രീ.റിജോ.സി.ജെ - സാനിറ്റേഷൻ വർക്കർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കിയും മരണപ്പെട്ട ജീവനക്കാരന്റെ പി.എഫ് അനുവദിക്കുന്നതിലും കുടുംബപെൻഷൻ അനുവദിക്കുന്നതിലും തുടർനടപടി സ്വീകരിക്കുന്നതിന് നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയും , ബഹു.കേരള ഹൈക്കോടതിയുടെ WP(C) No. 16280/2022 ഹർജിയിലെ 25.07.2022 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.254/2022/LSGD തീയതി,തിരുവനന്തപുരം, 14-11-2022

---

പരാമർശം:-
1. 24.05.1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ .
2. ശ്രീ.റിജോ.സി.ജെ സമർപ്പിച്ച 29.09.2020 തീയതിയിലെ ആശ്രിതനിയമന അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 22.10.2021 തീയതിയിലെ ഇ4-5083/2021 നമ്പർ കത്ത്.
4. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ.
5. എറണാകുളം ജില്ലാ കളക്ടറുടെ 08.08.2022 തീയതിയിലെ ഇ5-464137/22 നമ്പർ കത്ത്.
6. ബഹു കേരള ഹൈക്കോടതിയുടെ WP(C) No. 16280/2022 ഹർജിയിലെ 25.07.2022 തീയതിയിലെ വിധിന്യായം .

**ഉത്തരവ്**

മരണപ്പെട്ട സി.വി.ഫ്രാൻസിസിന്റെ പി.എഫ് അനുവദിക്കുക, കുടുംബപെൻഷൻ അനുവദിക്കുക, മകൻ ശ്രീ.റിജോ.സി.ജെ -യ്ക്ക് ആശ്രിത നിയമനം അനുവദിക്കുക എന്നീ ആവശ്യങ്ങളുമായി ശ്രീ.റിജോ.സി.ജെ, ടിയാന്റെ മാതാവ് ശ്രീമതി. റീന എന്നിവർ ഫയൽ ചെയ്ത ഹർജിയിൽ ബഹു കേരള ഹൈക്കോടതിയുടെ പരാമർശം 6-ലെ വിധിന്യായത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവായി .

*' Having considered the contentions advanced, I am of the opinion that appropriate steps are liable to be taken by the respondents in accordance with law, with regard to the request for compassionate appointment, since the matter stands recommended and is pending before the 1st respondent. The 1st respondent shall take an appropriate decision on the request for compassionate appointment of the 2nd petitioner within a period of three months from the date of receipt of a copy of this judgment.*

*With regard to the terminal benefits including DCRG, arrears of family pension, salary arrears and pay revision benefits as well as the closure of the PF account, revised pay arrears, disbursement of DA not merged in the PF etc., the respondents 2 and 3 shall take appropriate steps to see that the entire benefits are calculated and disbursed to the petitioners without further delay, at any rate within three months from the date of receipt of a copy of this judgment.'*

2. ആയതിൻ പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കൊച്ചി കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 12.08.2019 തീയതിയിൽ മരണപ്പെട്ട സി.വി.ഫ്രാൻസിസിന്റെ മകൻ ശ്രീ.റിജോ.സി.ജെ(ചെക്കതറ ഹൗസ് , കൊച്ചുപീടിക പറമ്പ്, പള്ളുരുത്തി , എറണാകുളം , 682006) അപേക്ഷ സമർപ്പിച്ചിരുന്നു. സി.വി.ഫ്രാൻസിസിന്റെ സേവനകാലം 32 വർഷവും 04 മാസവും 17 ദിവസവുമാണ്. പരേതന്റെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 14.02.1962 , 01.08.1984 ആണ്. നഗരകാര്യ ഡയറക്ടറും എറണാകുളം ജില്ലാ കളക്ടറും അപേക്ഷകന് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

3. ശ്രീ.റിജോ.സി.ജെ എട്ടാംക്ലാസ്സ് പാസ്സായിട്ടുള്ളതും ടിയാന്റെ ജനന തീയതി 01.03.1986-ഉം.ആണ്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ (29.09.2020) ടിയാൻ സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിയ്ക്കായി സി.വി.ഫ്രാൻസിസിന്റെ ആശ്രിതരിൽ മറ്റാരും അപേക്ഷിച്ചിട്ടില്ലായെന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ അപേക്ഷകനായ ശ്രീ.റിജോ.സി.ജെ-യ്ക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ടിയാൻ വിവാഹിതനാണ്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 24,000/- രൂപയാണെന്ന് (ഇരുപത്തിനാലായിരം രൂപ മാത്രം) പള്ളുരുത്തി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.ശ്രീ.റിജോ.സി.ജെ പരേതനെ ആശ്രയിച്ചാണ് കഴിഞ്ഞിരുന്നതെന്ന് എന്ന് കൊച്ചി താഹസിൽദാർ സാക്ഷ്യപ്പെടുത്തുന്നു. കൂടാതെ, പരാമർശം (4) പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊച്ചി കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 12.08.2019 തീയതിയിൽ മരണപ്പെട്ട സി.വി.ഫ്രാൻസിസിന്റെ മകൻ ശ്രീ.റിജോ.സി.ജെ-യ്ക്ക് എറണാകുളം ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ പരാമർശം (1) ലെ ഉത്തരവിന് വിധേയമായി നിയമനം നല്കുന്നതിന് അനുമതി നല്കിയും മരണപ്പെട്ട സി.വി.ഫ്രാൻസിസിന്റെ പി.എഫ്/കുടുംബപെൻഷൻ/ ബഹു.കോടതി പരാമർശം(6) വിധിന്യായത്തിൽ നിർദേശിച്ചിരിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ എന്നിവ അനുവദിയ്ക്കുന്നതിലും തുടർനടപടി സ്വീകരിക്കുന്നതിന് നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന

വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

6. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

7.പരാമർശം (6) ലെ ബഹു കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

<u>പകർപ്പ്:</u>
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ ,കേരള(ആമുഖ കത്ത് സഹിതം)
ജില്ലാ കളക്ടർ , എറണാകുളം.
സെക്രട്ടറി,കൊച്ചി കോർപ്പറേഷൻ
ശ്രീ.റിജോ.സി.ജെ, ചക്കുതറ ഹൗസ് , കൊച്ചുപീടിക പറമ്പ്, പള്ളുരുത്തി , എറണാകുളം - 682006
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/232/2021-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
**Signed by Sonu Jacob**
**Date: 15-11-2022 10:41:02**
സെക്ഷൻ ഓഫീസർ